**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** | **12-07-2022 - ൽ മറുപടിയ്ക്ക്**

**കായംകുളം നഗരസഭ പ്രദേശത്ത് പുതിയ പൈപ്പ് ലൈനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം നഗരസഭ പ്രദേശത്ത് വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നതും ഇതുമൂലം പലപ്പോഴും കുടിവെള്ള വിതരണം തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **കായംകുളം മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള സർവ്വേ പ്രവൃത്തിയ്ക്ക് സ്റ്റേറ്റ് പ്ലാൻ 2022-23-ൽ 9.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് . 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കായംകുളം മുനിസിപ്പാലിറ്റിയിൽ 2215 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയ്ക്ക് 45.3 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി ടെൻഡർ ചെയ്തിട്ടുള്ളതുമാണ് . എന്നാൽ ഡി.എൽ.പി.സി. പ്രകാരം പൈപ്പ് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി പൈപ്പ് സപ്ലൈ & ലേയിംഗ് ആയി ചെയ്യുന്നതിന് എസ്റ്റിമേറ്റ് പുനർ നിർണ്ണയം ചെയ്ത് ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കായംകുളം മണ്ഡലത്തിലെ കായംകുളം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള വിതരണ വിപുലീകരണ പദ്ധതിയ്ക്കായി "അമൃത് 2.0" പദ്ധതിയിലുൾപ്പെടുത്തി ആദ്യ ഘട്ടത്തിനായി 19.697 കോടി രൂപയുടെ പദ്ധതികൾ രൂപീകരിച്ചു വരുന്നു. ഈ പദ്ധതിയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ ടാങ്കും, കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ, 4400 കുടിവെള്ള കണക്ഷനുകൾ നൽകൽ, പത്തിയൂർ പ്ലാന്റിന്റെ നവീകരണം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട് .** |

സെക്ഷൻ ഓഫീസർ